# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (പ്രാദേശിക കേന്ദ്രം), കായംകുളം
കൃഷ്ണപുരം – 690 533, കേരളം

January - March 2021
ജനുവരി – മാർച്ച് 2021

Vol. 19 Issue - 01
വാല്യം 19 ലക്കം -01

## വാർത്താപത്രിക
## Newsletter

QR CODE


# കറ്റാനത്ത് കർഷക സേവന വിപണന കേന്ദ്രം പ്രവർത്തനമാരംഭിച്ചു






മഞ്ഞളിന്റെയും മറ്റ് സുഗന്ധവ്യജ്ഞനങ്ങളുടെയും കൃഷി, ഉത്പാദനം, വിപണനം, മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2016-ൽ ഭരണിക്കാവ് ബ്ലോക്ക് ആസ്ഥാനമാക്കി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നബാർഡിന്റെ ധനസഹായത്തോടെ ഓണാട്ടുകര സുഗന്ധവ്യജ്ഞന കർഷക ഉത്പാദക കമ്പനി ലിമിറ്റഡ് പ്രവർത്തനമാരംഭിച്ചിരുന്നു. ഓണാട്ടുകരയിലെ 270 ഓളം ഓഹരി ഉടമകളായ കർഷകർ പ്രതിവർഷം 20–25 ടൺ മഞ്ഞൾ ഉത്പാദിപ്പിച്ച് കമ്പനിയുടെ നേതൃത്വത്തിൽ സംസ്കരണം നടത്തി വിപണനം ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി കെ.വി.കെയുടെ സാങ്കേതിക നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരു കർഷക സേവന വിപണന കേന്ദ്രം കറ്റാനത്ത് ആരംഭിച്ചു. കായംകുളം എം.എൽ.എ അഡ്വ. യു.പ്രതിഭ ഫെബ്രുവരി 2-ാം തീയതി കേന്ദ്രത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. കർഷകർക്ക് ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ, വളം, ജൈവകീടനാശിനികൾ എന്നിവ കൂടാതെ കാർഷിക യന്ത്രങ്ങളായ ട്രാക്ടർ, പവ്വർ ടില്ലർ, നിലമൊരുക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവയും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നു. കമ്പനിയുടെ ഭാഗമായി ഇഞ്ചിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് കെ.വി.കെയിൽ നിന്നും പരിശീലനം ലഭിച്ച ഒരു വനിതാ യൂണിറ്റിന് സംരംഭക യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും കൈമാറി.

## ശാസ്ത്രോപദേശക സമിതിയോഗം

കെ.വി.കെയുടെ പത്തൊമ്പതാമത് ശാസ്ത്രോപദേശക സമിതിയോഗം ഫെബ്രുവരി 27ന് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ആക്ടിംഗ് ഡയറക്ടർ ഡോ. അനിതാ കരുണിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മുഖ്യപ്രഭാഷണം നടത്തിയ എ.റ്റി.എ.ആർ.ഐ (ATARI) ബംഗ്ലൂരു ഡയറക്ടർ ഡോ.വി.വെങ്കിടസുബ്രഹ്മണ്യൻ, നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിൽ കെ.വി.കെയുടെ പങ്ക് വലുതാണെന്നും കെ.വി.കെ മറ്റ് അനുബന്ധവകുപ്പുകളുമായി ചലനാത്മകമായ പങ്കാളിത്തം വളർത്തിയെടുക്കേണ്ടതാണെന്നും പറഞ്ഞു. കൃഷി വിജ്ഞാന കേന്ദ്രം ഈ കാലയളവിൽ പുറത്തിറക്കിയ വിവിധ വീഡിയോകളുടെ പുറത്തിറക്കൽ ചടങ്ങും അദ്ദേഹം നിർവ്വഹിച്ചു. കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപനവിഭാഗം മേധാവി ഡോ.ജിജു.പി. അലക്സ്,





സി.പി.സി.ആർ.ഐ., കായംകുളം പ്രാദേശിക കേന്ദ്രം ആക്ടിംഗ് ഹെഡ്, ഡോ.എസ്.കലാവതി, ഓണാട്ടുകര കാർഷിക ഗവേഷണകേന്ദ്രം മേധാവി ഡോ.ജി.സുജ, കാർഷിക-അനുബന്ധവകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, നബാർഡ് DDM, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രം മേധാവികൾ എന്നിവരുൾപ്പെടെ 29 അംഗങ്ങൾ പങ്കെടുത്തു.

## അന്താരാഷ്ട്ര വനിതാദിനമാചരിച്ചു

കെ.വി.കെയുടെയും സി.പി.സി.ആർ.ഐയുടെയും സംയുക്താഭിമുഖ്യത്തിൽ മാർച്ച് 8ന് അന്താരാഷ്ട്ര വനിതാ ദിനമാചരിച്ചു. കാർഷിക മേഖലയിൽ മികവു തെളിയിച്ച വനിതാ കർഷകരായ ശ്രീമതി. മേരിക്കുട്ടി കോശി (ഊട്ടിഫാം, ചെങ്ങന്നൂർ), ശ്രീമതി. ഐഷാ ഭായി (ചേർത്തല തെക്ക്), ശ്രീമതി. എസ്. സുധാകുമാരി (വള്ളികുന്നം), ശ്രീമതി. കെ. രാധാമണി (ചെട്ടികുളങ്ങര), ശ്രീമതി. മറിയാമ്മ ജോൺ (തെക്കേക്കര) എന്നിവരെ തഥവസരത്തിൽ ഫലകവും പ്രശസ്തിപത്രവും നൽകി ആദരിച്ചു. വനിതകളുടെ അവകാശങ്ങളെക്കുറിച്ചും അതിന്റെ നിയമവശങ്ങളെ കുറിച്ചും അഡ്വ.എ.കെ. രാജശ്രീ (കോർഡിനേറ്റർ, മനുഷ്യാവകാശ നിയമശൃംഖല, ആലപ്പുഴ) മുഖ്യപ്രഭാഷണം നടത്തി. സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രം ആക്ടിംഗ് ഹെഡ് ഡോ.എസ്.കലാവതി, കെ.വി.കെ മേധാവിഡോ.പി.മുരളീധരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്ത 30ഓളം വനിതാകർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് വീട്ടുവളപ്പിലെ പോഷകത്തോട്ടത്തിന്റെ പ്രധാന്യത്തെ കുറിച്ചും നിർമ്മാണരീതികളെ കുറിച്ചും കെ.വി.കെയിലെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ശ്രീമതി. ജിസ്സി ജോർജ്ജ്, ഡോ.കെ.സജ്നാനാഥ് എന്നിവർ ക്ലാസെടുത്തു.





## ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനി അഞ്ചാമത് വാർഷിക പൊതുയോഗം

ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ അഞ്ചാമത് വാർഷിക പൊതുയോഗം എല്ലാ കോവിഡ് പ്രോട്ടോകോൾ നിബന്ധനകളും പാലിച്ചുകൊണ്ട് 2021 ഫെബ്രുവരി 17-ാം തീയതി ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഹാളിൽ കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീമതി. രജനി ജയദേവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ രൂപീകൃതമായ കമ്പനി, സുഗന്ധവ്യഞ്ജന വിളകളായ മഞ്ഞൾ, ഇഞ്ചി, കുരുമുളക്, കുടമ്പുളി എന്നീ വിളകളുടെ കൃഷി വ്യാപിപ്പിക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുക, നല്ല കാർഷിക മുറകൾ അനുവർത്തിക്കുന്നതിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്നങ്ങൾ സംഭരിക്കുക, സംസ്കരിച്ച് വിപണനം നടത്തുക എന്നീ പ്രവർത്തനങ്ങൾ വഴി ഓഹരി ഉടമകളായ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യം വെയ്ക്കുന്നു. കമ്പനിയുടെ മുൻ സി.ഇ.ഒയും ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീമതി. കെ. ദീപ കഴിഞ്ഞ വാർഷിക പൊതുയോഗത്തിന്റെ ശുപാർശകളിൻമേൽ എടുത്ത നടപടികളും കമ്പനിയുടെ 2020ലെ പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ശ്രീ. എം.സോമൻ. ശ്രീ.ഇ.എസ്.ആനന്ദൻ, കെ.വി.കെ. എസ്.എം.എസ് ശ്രീ. എം.എസ്. രാജീവ് എന്നിവരും ചടങ്ങിൽ സംസാരിച്ചു.






## തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ

### (I) തെങ്ങുകളുടെ സംരക്ഷകർ



കാലാവസ്ഥാനുസൃത കൃഷിസമ്പ്രദായങ്ങളുടെ ദേശീയപദ്ധതി (NICRA) യുടെ ഭാഗമായി തലവടി പഞ്ചായത്തിൽ തെങ്ങുകളുടെ സംരക്ഷകർ (Coconut Guards) എന്ന തൊഴിൽ സേന സജ്ജമാക്കാൻ അഞ്ച് ദിവസം നീണ്ടു നിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. ഒൻപത് യുവാക്കൾ പങ്കെടുത്ത ഈ പരിശീനത്തിൽ യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റം, വിളവെടുപ്പ്, മണ്ട വൃത്തിയാക്കൽ, കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, വളപ്രയോഗം, മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കൽ, വിത്ത് പാകൽ, നഴ്സറിപരിപാലനം തുടങ്ങിയ വിഷയങ്ങൾക്കാണ് ഊന്നൽ കൊടുത്തത്. കെ.വി.കെ. മേധാവി ഡോ.പി. മുരളീധരൻ അദ്ധ്യക്ഷം വഹിച്ച സമാപന ചടങ്ങിൽ തലവടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഗായത്രിടീച്ചർ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഒൻപത് പരിശീലനാർഥികൾക്ക് തെങ്ങുകയറ്റയന്ത്രവും സെർട്ടിഫിക്കറ്റും വിതരണം ചെയ്തു. ചടങ്ങിൽ ശ്രീ.എം.എസ്. രാജീവ്, ശ്രീമതി. ആരതി.ജെ എന്നിവർ സംസാരിച്ചു.



### (II) വനിതാ കർമ്മസേന

മഹിളാ കിസാൻ ശാക്തീകരൺ പരിയോജന (MKSP) പദ്ധതിയിലെ 8 യുവതികൾക്ക് കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് കൃഷി വിജ്ഞാന കേന്ദ്രത്തിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകി. പവർ ടില്ലർ, ബ്രഷ് കട്ടർ, ട്രാക്ടർ, ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന റോട്ടവേറ്റർ, കൾട്ടിവേറ്റർ, സീഡ് കം ഫെർട്ടിലൈസർ ഡ്രിൽ, ബെഡ് ഫോർമർ തുടങ്ങിയ കാർഷിക ഉപകരണങ്ങളാണ് 5 ദിവസം നീണ്ടു നിന്ന പരിശീലനത്തിൽ പരിചയപ്പെടുത്തിയത്. ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഈ വനിതകൾ നടീൽയന്ത്രമുപയോഗിച്ച് ഞാറുനടുന്ന പ്രവർത്തി ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു. കൂടാതെ ഒരു ട്രാക്ടർ സ്വന്തമാക്കി പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് അവർ പരിശീലനത്തിൽ പങ്കാളികളായത്.



## മൃഗസംരക്ഷണ ക്യാമ്പുകൾ നടത്തി



കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി (NICRA) യുടെ ഭാഗമായി ഫെബ്രുവരി 18-ാം തീയതിയും മാർച്ച് 5-ാം തീയതിയും മുട്ടാർ പഞ്ചായത്തിലെ മിത്രക്കരിയിലുള്ള പ്രാഥമിക പാൽ സൊസൈറ്റിയിൽ മൃഗസംരക്ഷണ ക്യാമ്പ് സംഘടിപ്പിച്ചു. മൃഗസംരക്ഷണ വിഭാഗം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.എസ്.രവി നയിച്ച ഈ ക്യാമ്പുകളിൽ 34 കർഷകരുടെ 86 പശുക്കളെ പരിശോധിച്ചു. കൂടാതെ പ്രത്യക്ഷത്തിൽ രോഗലക്ഷണങ്ങൾ പ്രകടമാകാത്ത തരത്തിലുള്ള (sub-clinical) അകിടുവീക്ക രോഗത്തെ പ്രതിരോധിക്കുന്നതിനും പശുക്കളെ ശല്യം ചെയ്യുന്ന ബാഹ്യപരാദങ്ങളെ അകറ്റിനിർത്തുന്നതിനുമുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തി.



## ഫീൽഡ് ദിനാചരണങ്ങൾ സംഘടിപ്പിച്ചു

### (I) ഹ്രസ്വകാല നെല്ലിനം - മനുരത്ന

തെക്കേക്കര പഞ്ചായത്തിലെ പള്ളിയാർവട്ടം പാടശേഖരത്തിൽ കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ഹ്രസ്വകാല മൂപ്പുള്ള 'മനുരത്ന' എന്ന നെല്ലിനത്തിന്റെ പ്രദർശന പരിപാടി നവംബർ-ഫെബ്രുവരി സീസണിൽ നടത്തി. വിളവെടുപ്പും ഫീൽഡ് ദിനാചരണവും ഫെബ്രുവരി 17ന് തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ, വാർഡ്



മെമ്പർമാരായ ശ്രീ. പി. അജിത്, ശ്രീ. ജോൺ വർഗ്ഗീസ്, ശ്രീമതി. ബിന്ദു ചന്ദ്രഭാനു, കൃഷി ആഫീസർ ശ്രീമതി. എബി ബാബു, കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ശ്രീ. എം.എസ്. രാജീവ്, ഡോ.ടി.ശിവകുമാർ, കൃഷി അസിസ്റ്റന്റ് ശ്രീ. ഷിഹാബുദ്ദീൻ എന്നിവർ സംസാരിച്ചു. പള്ളിയാർവട്ടം പാടശേഖര സമിതി പ്രസിഡന്റ് ശ്രീ. തങ്കപ്പൻ, സെക്രട്ടറി ശ്രീ. സുരേന്ദ്രൻ തുടങ്ങിയവർ മനുരത്ന എന്ന നെല്ലിനത്തിന്റെ പ്രത്യേകതകളും ഗുണമേന്മകളും മറ്റ് കർഷകർക്കായി പങ്കുവെച്ചു.

## (II) ശ്രീപവിത്ര - കുറഞ്ഞ വളപ്രയോഗം മാത്രം ആവശ്യമുള്ള പുതിയ ഇനം മരച്ചീനി

ശ്രീകാര്യം കിഴങ്ങുവിള ഗവേഷണസ്ഥാപനം പുറത്തിറക്കിയ നല്ല ഉത്പാദന ശേഷിയുള്ളതും കുറഞ്ഞ വളപ്രയോഗം മാത്രം ആവശ്യമുള്ളതുമായ മരച്ചീനിയുടെ പുതിയ ഇനമായ ശ്രീപവിത്രയുടെ പ്രദർശന കൃഷി ചെട്ടികുളങ്ങര പഞ്ചായത്തിലെ തെരഞ്ഞെടുത്ത 10 കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി. ഈ പ്രദർശന പരിപാടിയുടെ ഫീൽഡ് ദിനാചരണവും കർഷക അവലോകനവും മാർച്ച് 9-ാം തീയതി ചെട്ടികുളങ്ങര കൃഷിഭവനിൽ നടത്തി. കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ, വാർഡ് മെമ്പർ ശ്രീ. ആർ. അരുൺ കുമാർ, കൃഷി ഓഫീസർ ശ്രീമതി.എസ്. അഞ്ജന, കെ.വി.കെ.യിലെ സാങ്കേതിക വിദഗ്ധൻ ഡോ.കെ.സജ്നാനാഥ് എന്നിവർ കർഷകരോട് സംസാരിച്ചു. പങ്കാളിത്ത കർഷകരായ ശ്രീ. കൃഷ്ണപിള്ള, ശ്രീമതി സരള രാജൻ, ശ്രീ.ജോൺ മാത്യു, ശ്രീ.ഗോപാലകൃഷ്ണപിള്ള എന്നിവർ പുതിയ ഇനത്തിന്റെ മേന്മകളും പാചകഗുണവും പങ്കെടുത്ത മറ്റ് കർഷകരോട് പങ്കുവെച്ചു.



## (III) മഞ്ഞളിലെ കാണ്ഡപുഴുവിന്റെയും ഉണങ്ങിയ അഴുകൽ രോഗത്തിന്റെയും നിയന്ത്രണം



തെക്കേക്കര പഞ്ചായത്തിൽ മഞ്ഞൾകൃഷിയിൽ രണ്ട് മുൻനിര പ്രദർശന പരിപാടികളാണ് നടത്തിയത്. ഉണങ്ങിയ അഴുകൽ രോഗത്തിന്റെ ജൈവിക രീതിയിലുള്ള നിയന്ത്രണവും നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള കാണ്ഡപ്പുഴുവിന്റെ നിയന്ത്രണവും. ഈ രണ്ട് മുൻനിരപ്രദർശനങ്ങളുടെയും ഫീൽഡ് ദിനാചരണം സംയുക്തമായി മാർച്ച് 3-ാം തീയതി തെക്കേക്കര പഞ്ചായത്തിൽ ശ്രീമതി. രമയുടെ വീട്ടിൽ സംഘടിപ്പിച്ചു. കെ.വി.കെ മേധാവി ഡോ.പി. മുരളീധരൻ, കെ.വി.കെയിലെ സാങ്കേതിക വിദഗ്ധരായ ശ്രീ.എം.എസ്.രാജീവ്, ഡോ.ടി.ശിവകുമാർ, ശ്രീമതി. ജി.ലേഖ, തെക്കേക്കര പഞ്ചായത്ത് കൃഷി ഓഫീസർ ശ്രീമതി. എബി ബാബു, പങ്കാളികളായ കർഷകർ, കൂടാതെ മറ്റ് മഞ്ഞൾ കർഷകരും ഈ പരിപാടിയിൽ സന്നിഹിതരായിരുന്നു.

## മഞ്ഞളിന്റെ മൂല്യശൃംഖല പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മാവേലിക്കര, ചെങ്ങന്നൂർ ബ്ലോക്കുകളിലെ പത്ത് പഞ്ചായത്തുകളിലായി കെ.വി.കെ നടപ്പിലാക്കിവരുന്ന "മഞ്ഞളിന്റെ മൂല്യശൃംഖല" പദ്ധതിയുടെ ഭാഗമായി വെണ്മണി പഞ്ചായത്തിലെ കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം ഫെബ്രുവരി 20-ാം തീയതി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെബിൻ. പി.വർഗ്ഗീസ്, പങ്കാളിത്ത കർഷകനായ ശ്രീ. സ്വാമിദാസിന്റെ പുരയിടത്തിൽ നിർവ്വഹിച്ചു. വെണ്മണി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സുനിമോൾ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വെണ്മണി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.പി.ആർ.രമേശ്, ഗ്രാമപഞ്ചായത്തംഗങ്ങളായ ശ്രീ. ബി.ബാബു, ശ്രീ. മനോഹരൻ മണക്കാല, ശ്രീ. മനോജ് മുരളി, കെ.വി.കെ. മേധാവി ഡോ. പി.മുരളീധരൻ, വെണ്മണി കൃഷി ഓഫീസർ ശ്രീ.എസ്.എസ്. ശുബജിത്ത്, കെ.വി.കെ സാങ്കേതിക വിദഗ്ദ്ധൻ ശ്രീ.എം.എസ്. രാജീവ് എന്നിവർ സംസാരിച്ചു. തെക്കേക്കര, പുലിയൂർ, മാന്നാർ, വെണ്മണി പഞ്ചായത്തുകളിൽ 2020-21 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി 2021-22 ൽ മുളക്കുഴ, ചെട്ടികുളങ്ങര, ചെന്നിത്തല, ചെറിയനാട് എന്നീ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുകയാണ്.



**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.), കായംകുളം, കൃഷ്ണപുരം പി.ഒ.–690533.

ഫോൺ : 0479 2449268, 0479 2959268, 9447790268 (WhatsApp)

Email: kvkalapuzha@gmail.com | www.kvkalappuzha.org

Printed & Published by : **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing : **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation : **Lekha.G, SMS.**
Technical Inputs: **Rajeev M.S., Dr. S. Ravi, Dr. T. Sivakumar, Dr. K. Sajnanath & Jissy George.** Technical Support : **Ansary K.M., Bijila P.V. & Sunayana.S**